പതിനാലാം കേരള നിയമസഭ
പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 1115 — 04.02.2019-ൽ മറുപടിക്ക്

## തിരുവല്ല ബൈപ്പാസ് നിർമ്മാണം

| ചോദ്യം<br>ശ്രീ.മാത്യു റ്റി.തോമസ് | മറുപടി<br>ശ്രീ.ജി.സുധാകരൻ<br>(പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി) |
|---|---|
| (എ) കെ.എസ്.ടി.പി.യുടെ മേൽനോട്ടത്തിൽ നടന്നുവരികയായിരുന്ന തിരുവല്ല ബൈപ്പാസിന്റെ പണികൾ നിറുത്തി വയ്ക്കാനുണ്ടായ സാഹചര്യം എന്തായിരുന്നു; വ്യക്തമാക്കാമോ;<br><br>(ബി) പ്രസ്തുത പണി പുനരാരംഭിക്കുന്നതിന് മുമ്പ് എന്തെല്ലാം നടപടിക്രമങ്ങൾ പൂർത്തീകരിച്ചുവെന്ന് വിശദമാക്കുമോ;<br><br>(സി) തിരുവല്ല ബൈപ്പാസിന്റെ പണികൾ എന്ന് പൂർത്തിയാക്കുവാനാണ് ലക്ഷ്യമിടുന്നതെന്ന് അറിയിക്കുമോ? | (എ) (ബി) & (സി) കെ.എസ്.റ്റി.പി രണ്ടാംഘട്ടത്തിൽ ഉൾപ്പെടുത്തി 2.3 കി.മീ. ദൈർഘ്യമുള്ള തിരുവല്ല ബൈപ്പാസ് നിർമ്മാണം 31.8 കോടി രൂപ കരാർ തുകയിൽ M/s. EKK & Co., Perumbavoor 19/12/2013-ൽ നിർമ്മാണം ആരംഭിച്ചു. 24 മാസം നിർമ്മാണ കാലാവധി നിശ്ചയിച്ചിരുന്ന ഈ പ്രവൃത്തി ചില പരിസ്ഥിതി പ്രവർത്തകർ നൽകിയ കേസിനെതുടർന്ന് Hon'ble Green Tribunal സ്റ്റേ ചെയ്യുകയുണ്ടായി. ഇതേതുടർന്ന് പ്രവൃത്തികൾ നിർത്തിവെയ്ക്കുകയും ചെയ്തു. ഗ്രീൻ ട്രൈബ്യൂണലിന്റെ സ്റ്റേ നിയമപരമായി മാറിയശേഷം കോൺട്രാക്ടർക്ക് പണി പൂർത്തിയാക്കാൻ 263 അധിക ദിവസം നൽകാൻ തീരുമാനിക്കുകയും അതിനെതുടർന്ന് പണി പുനരാരംഭിക്കുകയും ചെയ്തു. പണി പുരോഗമിച്ച വേളയിൽ ചിലസാങ്കേതിക കാരണങ്ങളാലും സൈറ്റിന്റെ പ്രത്യേകതയും മണ്ണിന്റെ സ്വഭാവവും നിമിത്തം ചില വലിയ വ്യത്യാസങ്ങൾ ഡി.പി.ആറിൽ നിന്നും വ്യത്യസ്ഥമായി വരുത്തേണ്ടതായി വന്നു. 31.8 കോടി രൂപ കരാർ തുകയായിരുന്ന ഈ നിർമ്മാണത്തിൽ ഇപ്പോൾ ഏകദേശം 19 കോടി രൂപയുടെ പ്രവൃത്തികൾ ചെയ്തു കഴിഞ്ഞു.<br><br>31/05/2017 വരെ നിർമ്മാണം നടത്തുന്നതിനുള്ള സമയം അനുവദിച്ചിരുന്നു എങ്കിലും 28/03/2017-ൽ ഉഭയസമ്മത പ്രകാരം നിർമ്മാണ പ്രവർത്തനങ്ങൾ നിർത്തി വെയ്ക്കുന്നതിനുള്ള ഒരു പ്രപ്പോസൽ കോൺട്രാക്ടർ സമർപ്പിക്കുകയും 07/11/2017-ൽ |

നടന്ന സ്റ്റിയറിംഗ് കമ്മിറ്റി പ്രസ്തുത പ്രവൃത്തി ടെർമിനേറ്റ് ചെയ്യുന്നതിനും പുതിയ ടെൻഡർ നടപടികൾ ആരംഭിക്കാനും ആവശ്യപ്പെട്ടു. ലോകബാങ്കിന്റെ നോ ഒബ്ജക്ഷൻ ലഭിച്ചതിനുശേഷം 21/02/2018-ൽ കരാർ റദ്ദ് ചെയ്യുകയുണ്ടായി. തുടർന്ന് പുതിയ ടെൻഡർ വിളിക്കുകയും 37.03 കോടി രൂപയ്ക്ക് ബോംബെ ആസ്ഥാനമായ M/s GHV (India) Pvt. Ltd. എന്ന കമ്പനിയുമായി 29/12/2018-ൽ കരാറിൽ ഏർപ്പെടുകയും ചെയ്തിട്ടുണ്ട്. 9 മാസമാണ് ഈ വർക്കിന്റെ കാലാവധി. 225 മീ.നീളമുള്ള ഒരു via duct-ന്റെ (പാലം) നിർമ്മാണമാണ് ബാക്കിയുള്ള പ്രവർത്തി-കളിൽ പ്രധാനം.

S. Bindu

സെക്ഷൻ ഓഫീസർ